# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2016** **22/01/2014-ൽ മറുപടിയ്ക്ക്**

### മത്സ്യസംസ്കരണ യൂണിറ്റുകൾ

**ചോദ്യം**

**ശ്രീ. വി. ശശി**

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തീരദേശ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഏതെല്ലാം തീരദേശ ജില്ലകളിൽ മത്സ്യം സംസ്കരിച്ച് മൂല്യ വർദ്ധന നടത്തുന്നതിന് പ്രോസസ്സിംഗ് യൂണിറ്റുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | പദ്ധതിയുടെ പ്രാരംഭ നടപടിയായി തിരുവനന്തപുരം, എറണാകുളം, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ മത്സ്യം സംസ്ക്കരിച്ച് മൂല്യവർദ്ധന നടത്തുന്നതിന് പ്രോസസ്സിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യം സംസ്ക്കരിച്ച് മൂല്യവർദ്ധന നടത്തുന്നതിന് പ്രോസസ്സിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 2013-14 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | 2013-14-ലെ ബജറ്റിൽ പ്രസ്തുത ആവശ്യത്തിലേക്കായി എത്ര തുക വകകൊള്ളിച്ചുവെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; എന്തെല്ലാം പരിപാടികൾക്കാണ് ഈ തുക ചെലവാക്കിയതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ആഫീസർ